**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 729** **17-09-2025 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി ഉല്പാദനത്തിൽ ഉണ്ടായ വർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. എം. സച്ചിൻദേവ്,**<br>**ശ്രീ. കെ. പ്രേംകുമാർ,**<br>**ശ്രീ ജി സ്റ്റീഫൻ,**<br>**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി**<br>**(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തിന്റെ അധിക ഊർജ്ജ ആവശ്യകത മുന്നിൽ കണ്ട് നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തിന്റെ അധിക ഊർജ്ജ ആവശ്യകത മുന്നിൽ കണ്ട് കൊണ്ട് ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാനത്തെ ആഭ്യന്തര ഉല്പാദനത്തിൽ ജല വൈദ്യുത പദ്ധതികൾ മുഖേന 132.036 മെഗാവാട്ടിന്റെ വർദ്ധന ഉണ്ടായിട്ടുണ്ട്. അപ്പർ കല്ലാർ (2 മെഗാവാട്ട്), പൊരിങ്ങൽക്കുത്ത് (24 മെഗാവാട്ട്), പെരുവണ്ണാമുഴി (6 മെഗാവാട്ട്), തൊട്ടിയാർ (40 മെഗാവാട്ട്), പള്ളിവാസൽ വിപുലീകരണ പദ്ധതി (60 മെഗാവാട്ട് - കൊമേർഷ്യൽ ഓപ്പറേഷൻ നടന്നു വരുന്നു), പൊരിങ്ങൽകുത്ത് മൈക്രോ (36 കിലോവാട്ട്) എന്നിവയാണ് പൂർത്തിയാക്കിയ പദ്ധതികൾ. കൂടാതെ മൊത്തം 135 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള 9 ജല വൈദ്യുത പദ്ധതി കളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. |

| **നമ്പർ** | **പദ്ധതി** | **ശേഷി (MW)** |
|---|---|---|
| 1 | അപ്പർ ചെങ്കുളം | 24 |
| 2 | ഭൂതത്താൻകെട്ട് | 24 |
| 3 | പഴശ്ശിസാഗർ | 7.5 |
| 4 | ചിന്നാർ | 24 |
| 5 | ഒലീക്കൽ | 5 |
| 6 | പൂവാരംതോട് | 3 |
| 7 | മാങ്കുളം | 40 |
| 8 | കുറ്റ്യാടി RMU പദ്ധതി (3x25 MW to 3x 27.50 | 7.50 |

| | | |
|---|---|---|
| | MW) | |
| 9 | ചെങ്കുളം ഓഗ്മെന്റേഷൻ പദ്ധതി (85 Mu) | |
| | ആകെ ശേഷി | **135 MW** |

92 MW മൊത്തം സ്ഥാപിത ശേഷിയുള്ള 13 ചെറുകിട ജല വൈദ്യുത പദ്ധതികൾ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുന്നോടിയായിട്ടുള്ള പ്രവർത്തന ങ്ങളുടെ (സ്ഥലമേറ്റെടുപ്പ് ഉൾപ്പടെയുള്ളവ) വിവിധ ഘട്ടങ്ങളിലാണ്.

ഇടുക്കി സുവർണ്ണ ജൂബിലി പദ്ധതി (800 MW/ 1301 Mu), ശബരിഗിരി എക്സ്റ്റൻഷൻ സ്കീം (450 MW/834.16 Mu), ലക്ഷ്മി ജല വൈദ്യുത പദ്ധതി (240 MW/ 347 Mu) എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്ക വാൻ ആവശ്യമായ അനുമതികൾ ലഭ്യമാക്കുന്നതിനും വിശദമായ പ്രോജക്ട് റിപ്പോർട്ട് പൂർത്തീകരിക്കുന്നതിനുമുള്ള നടപടികൾ പുരോഗമിക്കുന്നു.

ഏകദേശം 2000 മെഗാവാട്ട് സ്ഥാപിത ശേഷി വരുന്ന 4 പമ്പ്ഡ് സ്റ്റോറേജ് പദ്ധതികളുടെ പര്യവേഷണവും വിശദമായ പദ്ധതി നിർവഹണ റിപ്പോർട്ട് തയ്യാറാക്കുന്ന ജോലികളും നടന്നുവരുന്നു. ഏകദേശം 3000 മെഗാവാട്ട് സ്ഥാപിത ശേഷി വരുന്ന 3 പമ്പ്ഡ് സ്റ്റോറേജ് പദ്ധതികളുടെ സാധ്യത പഠനങ്ങൾ നടന്നുവരുന്നു.

കൂടാതെ വിവിധ പദ്ധതികളുടെ ഇൻവെസ്റ്റിഗേഷൻ/ ഡി.പി.ആർ തയ്യാറാക്കൽ പ്രവൃത്തികളും നടന്നു വരുന്നു.

സൗരോർജ്ജ മേഖലയിൽ ഇപ്പോൾ നടപ്പിലാക്കി കൊണ്ടിരിക്കുന്ന പദ്ധതിക ളാണ് പ്രധാന മന്ത്രി സൂര്യ ഘർ മുഫ്ത് ബിജിലി യോജനയും, പി എം കുസും പദ്ധതിയും. ഇതിൽ പി എം സൂര്യ ഘർ പദ്ധതിയിൽ 10.09.2025 വരെ ഗാർഹിക മേഖലയിൽ 1,39,411 പുരപ്പുറങ്ങളിൽ നിന്നായി 555 MW സൗരോർജ്ജം ഉല്പാദിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. പി എം കുസും പദ്ധതിയുടെ ഘടകം സി യിൽ ഉൾപ്പെടുത്തി 5.5 MW പൂർത്തീകരിച്ചിട്ടുണ്ട്. 5.5 MW ന്റെ രണ്ടു പദ്ധതികൾ നടന്നു വരുന്നു. കൂടാതെ 50 MW ന്റെ വെസ്റ്റ് കല്ലട ഫ്ലോട്ടിങ് സോളാർ പദ്ധതി പുരോഗമിച്ചു വരുന്നു.

പകൽ സമയത്തു ലഭ്യമാകുന്ന വൈദ്യുതി സംഭരിച്ച് സംസ്ഥാനത്തിന്റെ അധിക ഊർജ്ജ ആവശ്യകത നിറവേറ്റുന്നത് ലക്ഷമിട്ടാണ് ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം പദ്ധതി നടപ്പിലാക്കി വരുന്നത്.

ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റത്തിന്റെ രണ്ട് പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്.

കാസറഗോഡ് ജില്ലയിലെ മൈലാട്ടി 220 കെ.വി. സബ്സ്റ്റേഷനിൽ 125 മെഗാവാട്ട് / 500 മെഗാവാട്ടവർ ബാറ്ററി എനർജി സ്റ്റോറേജ്ജ് സിസ്റ്റം സ്ഥാപിക്കുന്നതിന് കേന്ദ്ര ഗവണ്മെന്റ് പൊതുമേഖലാസ്ഥാപനമായ സോളാർ എനർജി കോർപറേഷൻ ഒഫ് ഇന്ത്യ -യെ ഇമ്പ്ലിമെന്റിങ് ഏജൻസി ആയി ചുമതലപ്പെടുത്തുകയും 20.03.2025-ന് മൈലാട്ടി 220 കെ. വി. സബ്സ്റ്റേഷനിൽ 125 മെഗാവാട്ട് / 500 മെഗാവാട്ടവർ ബാറ്ററി എനർജി സ്റ്റോറേജ്ജ് സിസ്റ്റം സ്ഥാപിക്കുന്നതിനുള്ള ലെറ്റർ ഓഫ് അവാർഡ് 20.03.2025-ന് ജെ.എസ്. ഡബ്ല്യൂ നിയോ എനർജി ലിമിറ്റഡ് നു സോളാർ എനർജി കോർപറേഷൻ ഓഫ് ഇന്ത്യ നൽകുകയും ചെയ്തു.

കേന്ദ്ര ഗവൺമെൻറ് പൊതുമേഖലാ സ്ഥാപനമായ നാഷണൽ ഹൈഡ്രോ പവർ കോർപ്പറേഷൻ (എൻ. എച്ച്. പി. സി. ക്ക്) 1500 മെഗാവാട്ടവർ ബാറ്ററി എനർജി സ്റ്റോറേജ്ജ് സിസ്റ്റം (BESS) സ്ഥാപിക്കു വാൻ വയബിലിറ്റി ഗ്യാപ് ഫണ്ട് ലഭിക്കുകയും, ചർച്ചകളുടെയും ഇടപെടലു കളുടെയും ഫലമായി അതിൽ നിന്നും 500 മെഗാവാട്ടാവർ ബാറ്ററി എനർജി സ്റ്റോറേജ്ജ് സിസ്റ്റം (BESS) കേരളത്തിൽ സ്ഥാപിക്കുവാൻ അവർ സമ്മതിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ തുടർ നടപടിയായി 17.01.2025-നു ആയതിനുള്ള ടെൻഡർ നാഷണൽ ഹൈഡ്രോ പവർ കോർപ്പറേഷൻ (എൻ. എച്ച്. പി. സി) പ്രസിദ്ധീകരിക്കുകയും 09.07.2025–നു നാല് സബ്സ്റ്റേഷനുകളിലായി 125 മെഗാവാട്ട് / 500 മെഗാവാട്ടവർ ബാറ്ററി എനർജി സ്റ്റോറേജ്ജ് സിസ്റ്റം സ്ഥാപിക്കുന്നതിനുള്ള ലെറ്റർ ഓഫ് അവാർഡ് എൻ. എച്ച്. പി. സി നൽകുകയും ചെയ്തു.

കാസറഗോഡ് ജില്ലയിലെ മുള്ളേരിയ സബ്സ്റ്റേഷനിൽ 15 മെഗാവാട്ട് / 60 മെഗാവാട്ടവർ (BESS) : ഒപ്പേറ എനർജി പ്രൈവറ്റ് ലിമിറ്റഡ്.

കണ്ണൂർ ജില്ലയിലെ ശ്രീകണ്ഠപുരം സബ്സ്റ്റേഷനിൽ 40 മെഗാവാട്ട് / 160 മെഗാവാട്ടവർ (BESS) : എൻ റ്റി പി സി ഗ്രീൻ എനർജി ലിമിറ്റഡ്.

മലപ്പുറം ജില്ലയിലെ അരീക്കോട്. സബ്സ്റ്റേഷനിൽ 30 മെഗാവാട്ട് / 120 മെഗാവാട്ടവർ (BESS) : ടാറ്റ പവർ റിന്യൂവബിൾഎനർജി ലിമിറ്റഡ്

തിരുവനന്തപുരം ജില്ലയിലെ പോത്തൻ കോഡ് സബ്സ്റ്റേഷനിൽ 40 മെഗാവാട്ട് / 160 മെഗാവാട്ടവർ (BESS): എൻ റ്റി പി സി ഗ്രീൻ എനർജി ലിമിറ്റഡ്.

എന്നിങ്ങനെ യാണ് എൻ. എച്ച്. പി. സി മുഖാന്തിരം BESS സ്ഥാപിക്കുന്നത്.

ഈ രണ്ടു പദ്ധതികളിലൂടെ പ്രതിദിനം 1000 മെഗാവാട്ടവർ വൈദ്യുതി സംഭരിക്കുവാനും സംസ്ഥാനത്തെ പീക്ക് സമയങ്ങളിലെ അധിക ഊർജ്ജ ആവശ്യകത നിറവേറ്റുവാനും ഉപകരിക്കും. പ്രസ്തുത പദ്ധതികൾ ഒക്ടോബർ 2026 ഓട് കൂടി പ്രവർത്തനക്ഷമമാകുമെന്നാണ് പ്രതീക്ഷി ക്കുന്നത്.

ഇതു കൂടാതെ കേന്ദ്ര ഊർജ്ജ മന്ത്രാലയം അനുവദിച്ച 90 കോടി രൂപയുടെ പി.എസ്.ഡി.ഫ്. വയബിലിറ്റി ഗ്യാപ് ഫണ്ട് പ്രയോജനപ്പെടുത്തി എറണാകുളം ജില്ലയിലെ ബ്രഹ്മപുരം 220 കെ. വി സബ്സ്റ്റേഷൻ പരിസരത്തു 250 മെഗാവാട്ട് /500 മെഗാവാട്ടവർ (BESS) സ്ഥാപിക്കുന്നതിനുള്ള ടെൻഡർ നടപടി കൾ ആരംഭിച്ചിട്ടുണ്ട്.

2021-2024 കാലഘട്ടനത്തിൽ സംസ്ഥാനത്ത് വൈദ്യുതോദ്പാദനശേഷി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ആനക്കാംപൊയിൽ (8 MW), അരിപ്പാറ (4 MW), മുക്കടം (4 MW) ചെറുകിട ജല വൈദ്യുത പദ്ധതി എന്നിവ കമ്മീഷൻ ചെയ്യുകയും ഗ്രിഡിലേക്ക് വൈദ്യുതി ഉല്പാദനം ആരംഭിക്കുകയും ചെയ്തു കഴിഞ്ഞു.

അതോടൊപ്പം ഏഴാംകടവ് (350kW)പദ്ധതി ഗ്രിഡിലേക്ക് കണക്റ്റ് ചെയ്തിട്ടുണ്ട്.. നിലവിൽ കമ്മീഷൻ പൂർത്തിയാക്കിയിട്ടില്ല.

നിലവിൽ പിണവൂർ (7 MW), ലോവർ വട്ടപ്പാറ (2.5MW), പാലക്കുഴി (1 MW), കനകപുഴ (1 MW) പദ്ധതികൾക്ക് TEFR അനുമതി നൽകിയിട്ടുണ്ട്. ഇതിൽ പിണവൂർ പദ്ധതിക്ക് വനം വകുപ്പിന്റെ അനുമതി ലഭിക്കേണ്ട തുണ്ട്. പാലക്കുഴി പദ്ധതിയുടെ അവസാനഘട്ട നിർമ്മാണ പ്രവർ ത്തനങ്ങൾ നടന്ന വരുന്നു. ലോവർ വട്ടപ്പാറ പദ്ധതിയുടെ ആദ്യഘട്ട നിർമ്മാണ പ്രവർത്തനങ്ങളും ആരംഭിച്ചിട്ടുണ്ട്. കനകപ്പുഴ പദ്ധതി ക്കായി ആവശ്യമുള്ള സ്ഥലം ഏറ്റെടുക്കുന്ന ഘട്ടത്തിലുമായിട്ടുണ്ട്. കൂടാതെ അറ്റ്ലെ-I (6 MW), അറ്റ്ലെ-II (6 MW) പദ്ധതികൾ TEFR ക്ലിയറൻസിനായി സമർപ്പിച്ച റിപ്പോർട്ട് വനം വകുപ്പിന്റെ നിർദ്ദേശ പ്രകാരം പുതുക്കുന്ന ഘട്ടത്തിലുമാണ്.

മഹാ പ്രളയത്തിൽ തകർന്ന മാങ്കുളം പഞ്ചായത്തിലെ പാമ്പുംകയം മൈക്രോ ജലവൈദ്യുത പദ്ധതിയു ടെ (0.11 MW) പുനരുദ്ധാരണം ഇ.എം.സിയുടെ നേതൃത്വത്തിൽ നടത്തി വരുന്നു. മേൽ പദ്ധതിക ളെല്ലാം നടപ്പിലാക്കുന്നതോടെ സംസ്ഥാനത്തിന്റെ

ഊർജ്ജോത്പാദനത്തിൽ 23.61 MW ന്റെ അധിക ഉത്പാദനം കൈവരിക്കാൻ സാധിക്കുന്നതാണ്.

വൈദ്യുതി സ്വയംപര്യാപ്തത കൈവരിക്കുവാൻ, പമ്പ്ഡ് സ്റ്റോറേജ് (PSP) ജലവൈദ്യുത പദ്ധതികൾ വികസിപ്പിക്കുന്നതി നായുള്ള കരട് നയം രൂപീകരി ച്ചിട്ടുണ്ട്. സർക്കാർ ഖജനാവിൽ നിന്നും പണം ചെലവഴിക്കാതെ സ്വകാര്യ മേഖലയെ ഉൾപ്പെടുത്തി ചെയ്യാവുന്നതരത്തിലാണ് കരട് നയം രൂപീകരിച്ചിട്ടുള്ളത്. നിലവിൽ ഈ കരട് നയം സർക്കാർ പരിഗണനയിലാണ്.

ഇഎംസിയിലെ ചെറുകിട ജല വൈദ്യുത പ്രൊമോഷൻ സെൽ മുഖേന സ്വകാര്യ - സഹകരണ - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ കൊണ്ട് ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുന്ന മാതൃക യിൽ പമ്പ്ഡ് സ്റ്റോറേജ് ജലവൈദ്യുത പദ്ധതികളും നടപ്പിലാക്കുന്നതും സർക്കാർ പരിഗണന യിലാണ്.

സംസ്ഥാനത്തിന്റെ അധിക ഊർജ്ജ ആവശ്യകത മുന്നിൽ കണ്ട് അനെർട്ട് നടപ്പിലാക്കി വരുന്ന സൗരോർജ്ജ പദ്ധതികൾ ചുവടെ ചേർക്കുന്നു:

• സർക്കാർ / പൊതുസ്ഥാപനങ്ങളിൽ സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി ഡെപ്പോസിറ്റ് പ്രവർത്തിയായി അനെർട്ട് നടപ്പിലാക്കുന്നു.

•ഗാർഹിക സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന കേന്ദ്ര പദ്ധതി ആയ 'പി.എം. സൂര്യ ഘർ' പ്രചരിപ്പിക്കുന്നു.

• സർക്കാർ ഫണ്ട് ഉപയോഗിച്ച് സൗജന്യമായി ലൈഫ് മിഷൻ / BPL / പുനർഗേഹം വീട്ടുകളിൽ 2 kW വീതം ശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കി. ഈ പദ്ധതിയുടെ ഭാഗമായി സൗജന്യമായി ഉപഭോക്താക്കൾക്ക് ഇൻഡക്ഷൻ കുക്കറും നൽകുന്നു.

•സ്മാർട്ട് സിറ്റിയുമായി സഹകരിച്ചുകൊണ്ട് തിരുവനന്തപുരം കോർപ്പറേഷനിലെ എല്ലാ സർക്കാർ കെട്ടിടങ്ങളിലും സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നു.

•സോളാർ സ്ട്രീറ്റ് ലൈറ്റുകൾ ഡെപ്പോസിറ്റ് പ്രവർത്തിയായി നടപ്പിലാക്കുന്നു.

•പച്ചക്കറികൾ / പഴങ്ങൾ ഇവ കേട്ടുകൂടാതെ സൂക്ഷിക്കുന്നതിന് സോളാർ കോൾഡ് സ്റ്റോറേജ് സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നു.

•പട്ടികവർഗ വിഭാഗ ത്തിലുള്ള വിദ്യാർത്ഥി കൾ താമസിക്കുന്ന ഹോസ്റ്റലുകളിൽ സോളാർ ഹൈബ്രിഡ് / ഓഫ്ഗ്രിഡ് പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി ഡെപ്പോസിറ്റ് പ്രവർത്തിയായിനടപ്പി ലാക്കുന്നു.

• വിദൂര ആദിവാസി കോളനികളിൽ സോളാർ പവർ പ്ലാന്റുകൾ / വിൻഡ് /സോളാർ ഹൈബ്രിഡ് പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നു.

കേരളത്തിന്റെ വൈദ്യുതേതര ഊർജ്ജാവ ശ്യങ്ങളെ കാർബൺ പ്രസരണ മുക്തമാക്കുന്നതിനുള്ള ഒരുപാധിയായി ഹരിത ഹൈഡ്രജൻ പരിഗണിക്കപ്പെ ട്ടുന്നുണ്ട്. അവയുടെ സാങ്കേതിക വിദ്യകൾ സ്വായത്തമാക്കാനും അതിന്റെ ഉപയോഗ ത്തിൽ പ്രാവീണ്യം നേടാനും ചില പൈലറ്റ് പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ട്.

പ്രധാന മന്ത്രി കിസാൻ സുരക്ഷാ ഏവം ഉത്ഥാൻ മഹാഭിയാൻ (പി.എം.കുസും) രാജ്യത്തെ കർഷകർക്കു സൗരോർജ്ജ വുമായി ബന്ധപ്പെട്ട സഹായം നൽകുന്ന കേന്ദ്രപദ്ധതിയാണ്. പദ്ധതിയിലൂടെ കർഷകർക്ക് സൗരോർജ്ജ ഉൽപാദനവും, അധിക ഊർജം വിതരണകമ്പനിക്ക് വിൽക്കുന്നതിലൂടെ ഒരു വരുമാനവും ലക്ഷ്യമിടുന്നു. വൈദ്യുത കണക്ഷൻ ഉള്ള കൃഷിയിടങ്ങളിലെ വൈദ്യുതിയിൽ പ്രവർത്തിക്കുന്ന 1 hp മുതൽ 7.5 hp വരെ ഉള്ള പമ്പുകൾ സൗരോർജ്ജവൽ ക്കരിക്കാൻ ലക്ഷ്യമിട്ടുള്ളതാണ് പ്രസ്തുത പദ്ധതി. ഇതിൽ സ്ഥാപിക്കുന്ന പ്ലാന്റുകൾക്ക് കേന്ദ്ര ബെഞ്ച് മാർക്ക് തുകയുടെ അടിസ്ഥാനത്തിൽ 30% കേന്ദ്ര സബ്സിഡിയും, 30% സംസ്ഥാന സബ്സിഡിയും, ബാക്കി വരുന്ന 40% കർഷകന്റെ (ഉപഭോക്തൃ) വിഹിതമായാണ് ഈ പദ്ധതിയുടെ ഘടന.

ആദ്യഘട്ട കേന്ദ്ര അനുമതി ലഭിച്ച 9348 പമ്പുകളുടെ സൗരോർജ്ജവൽക്കരണം നബാർഡ് RIDF ലോൺ ഉപയോഗിച്ച് എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കാസർഗോഡ് എന്നീ ജില്ലകളിൽ നടപ്പിലാക്കിവരുന്നു. ഇത്രയും പമ്പുകൾ ക്കുള്ള സംസ്ഥാന വിഹിതവും കർഷക വിഹിതവും നബാർഡ് RIDF ലോൺ വഴിയാണ് കണ്ടെത്തുന്നത്.

നിലവിൽ 4100 എണ്ണം പമ്പുകളുടെ സൗരോർജ്ജവൽക്കരണത്തിനുള്ള വർക്ക് ഓർഡർ നൽകി കഴിഞ്ഞു. ഇതിൽ 2200 എണ്ണത്തിന്റെ സൗരോർജ്ജവൽക്കരണം പൂർത്തിയായി. ഇതിൽ 1150 എണ്ണം സൗരോർജ്ജ നിലയങ്ങൾ വൈദ്യുത ശൃംഖലയുമായി ബന്ധിപ്പിച്ചിട്ടുണ്ട്. ഇതിലൂടെയാണ് 4133 kW അധിക സൗരോർജ്ജ ശേഷി നേടുവാനായി രിക്കുന്നത്.

| | | | |
|---|---|---|---|
| | | | കൃഷിഭവനുകളിൽ നിന്നും സൗജന്യ കാർഷിക കണക്ഷൻ ലഭിച്ചിട്ടുള്ള കർഷകരെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇത് കർഷകർക്ക് യാതൊരുവിധ സാമ്പത്തിക ബാധ്യതയുമില്ലാതെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.<br><br>സംസ്ഥാനത്തിന്റെ അധിക ഊർജ ആവശ്യകത മുന്നിൽ കണ്ടു നടപ്പിലാക്കിവരുന്ന ഒരു പ്രധാന പദ്ധതിയാണ് പബ്ലിക് ഇ.വി ചാർജിങ്സ്റ്റേഷനുകളിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി. |
| (ബി) | സംസ്ഥാനത്ത് ആഭ്യന്തര വൈദ്യുതി ഉല്പാദനത്തിൽ ഉണ്ടായ വർദ്ധനവ് എത്രയെന്ന് വിശദമാക്കാമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാനത്തെ ആഭ്യന്തര ഉല്പാദനത്തിൽ ജല വൈദ്യുത പദ്ധതികൾ മുഖേന 132.036 മെഗാവാട്ടിന്റെ വർദ്ധന ഉണ്ടായിട്ടുണ്ട്.<br><br>സൗരോർജ്ജ മേഖലയിൽ 1572.085 മെഗാവാട്ട്-ഉം വിൻഡ് മേഖലയിൽ സ്വകാര്യ കാറ്റാടി നിലയങ്ങൾ സ്ഥാപിച്ച വഴി 1.25 മെഗാവാട്ടിന്റെയും ആഭ്യന്തര വൈദ്യുതി ഉത്പാദനത്തിൽ വർദ്ധനവ് കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്.<br><br>ഈ സർക്കാരിന്റെ കാലത്തു അനെർട്ട് മുഖേനെ ആകെ 32.76 മെഗാവാട്ട് ശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിച്ചു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:<br><br>സോളാർസിറ്റി തിരുവനന്തപുരം പദ്ധതി - 17.06 മെഗാവാട്ട്<br><br>സൗര പദ്ധതി – 7 മെഗാവാട്ട്<br><br>ഡെപ്പോസിറ്റ് വർക്ക് – 7.2 മെഗാവാട്ട്<br><br>അനെർട്ട് പദ്ധതി – 1.5 മെഗാവാട്ട്<br><br>പബ്ലിക് ഇ.വി ചാർജിങ്സ്റ്റേഷനുകളിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി പ്രകാരം സംസ്ഥാനത്ത് 654.3 kW സൗരോർജസംവിധാനം സ്ഥാപിച്ചിട്ടുണ്ട്.<br><br>പ്രധാന മന്ത്രി കിസാൻ സുരക്ഷാ ഏവം ഉത്ഥാൻ മഹാഭിയാൻ (പി എം കുസും) പദ്ധതിപ്രകാരം നിലവിൽ 4100 എണ്ണം പമ്പുകളുടെ സൗരോർജ്ജവൽക്കരണത്തിനുള്ള വർക്ക് ഓർഡർ നൽകി കഴിഞ്ഞു. ഇതിൽ 2200 എണ്ണത്തിന്റെ സൗരോർജ്ജവൽക്കരണം പൂർത്തിയായി. ഇതിൽ 1150 എണ്ണം സൗരോർജ്ജ നിലയങ്ങൾ വൈദ്യുത |

| | | | |
|---|---|---|---|
| | | | ശൃംഖലയുമായി ബന്ധിപ്പിച്ചിട്ടുണ്ട്. ഇതിലൂടെയാണ് 4133 kW അധിക സൗരോർജ്ജ ശേഷി നേട്ടവാനായത്. |
| (സി) | സംസ്ഥാനത്തിന്റെ തീരപ്രദേശത്തുള്ള മണലിൽ നിന്നും വേർതിരിച്ചെടുക്കുന്ന തോറിയം ഉപയോഗപ്പെടുത്തിക്കൊണ്ട് കുറഞ്ഞ ചെലവിലുള്ള വൈദ്യുതി ഉല്പാദന സാധ്യത പരിശോധിക്കുന്നത് പരിഗണനയിലുണ്ടോയെന്ന് വിശദമാക്കാമോ? | (സി) | ഫാസ്റ്റ് ബ്രീഡർ റിയാക്ടർ സാങ്കേതിക വിദ്യയെ കുറിച്ചും വൈദ്യുതി ഉൽപ്പാദന ത്തിനായി കേരളത്തിലെ വിപുലമായ തോറിയം ശേഖരം തന്ത്രപരമായി എങ്ങനെ ഉപയോഗിക്കുവാൻ കഴിയും എന്നതിനെക്കുറിച്ചും ഒരു മാതൃക പഠനം നടത്തുന്നതിലേക്കായി കൽപ്പാക്കം ആണവ കേന്ദ്രം സന്ദർശിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ എനർജി മാനേജ്മെന്റ് സെന്റർ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഡയറക്ടറുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ആയത് വസ്തുനിഷ്ഠമായി പരിശോധിച്ച് വിശദമായ ചർച്ചകൾക്ക് ശേഷം പൊതുസമവായം ഉണ്ടാകുകയാണെങ്കിൽ മാത്രമേ തുടർനടപടികൾ സ്വീകരിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ